# കോളിൽ നഷ്ടം: 5.82 കോടി

MalayalaManorama 15-12-18, p-S--01



**പ്രളയത്തിൽ ജില്ലയിലെ കോൾ പാടങ്ങളിൽ ഏറ്റവുമധികം നഷ്ടമുണ്ടായത് ചേർപ്പ്, പുഴയ്ക്കൽ മേഖലകളിൽ**

**സുബിൻ മാത്യു തോമസ്**

തൃശൂർ • ഓഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ ജില്ലയിലെ കോൾ നിലങ്ങളിലുണ്ടായത് 5,82,26,941 രൂപയുടെ കൃഷി നാശം. ചേർപ്പ്, പുഴയ്ക്കൽ മേഖലകളിലെ കോൾപ്പാടങ്ങളിലാണ് ഏറ്റവുമധികം നാശനഷ്ടമുണ്ടായത്.

ചേർപ്പിൽ 2.46 കോടി രൂപയുടെയും പുഴയ്ക്കൽ മേഖലയിൽ 4.05 കോടി രൂപയുടെയും കൃഷിനാശമാണുണ്ടായത്. മന്ത്രി വി.എസ്. സുനിൽകുമാർ നിയമസഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് ജില്ലയിലെ കോൾ നിലയങ്ങളിലെ പ്രളയ കൃഷി നാശനഷ്ട റിപ്പോർട്ടുള്ളത്.

കോൾ മേഖലയുടെ നട്ടെല്ലൊടിച്ച നാശമാണ് പ്രളയം സമ്മാനിച്ചതെന്ന് കൃഷി വകുപ്പ് വിലയിരുത്തുന്നു.

മണ്ണിടിഞ്ഞത് നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾക്കായി 12 ലക്ഷം രൂപ അനുവദിക്കുന്നതിനായി ജില്ലാ കലക്ടറോട് ആവശ്യപ്പെട്ടതായും മന്ത്രിയുടെ മറുപടിയിൽ പറയുന്നു.

മോട്ടർ പമ്പ് സെറ്റ് റിപ്പയറിങ്, ബണ്ട് പുനരുദ്ധാരണം എന്നിവയ്ക്കായി ഇതുവരെ 9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ മോട്ടർ പമ്പ് സെറ്റ്, പെട്ടി പറ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തി 80 പമ്പ് സെറ്റുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഈ മാസം തന്നെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

ഭൂരിഭാഗം മോട്ടറുകളും വെള്ളത്തിൽ മുങ്ങി കിടക്കുകയായിരുന്നു. ബണ്ടുകളും പലയിടത്തും വ്യാപകമായി തകർന്നിരുന്നു. പാടശേഖരങ്ങളിലും ചാലുകളിലും ചെളിയും ചണ്ടിയും കിടന്നത് ഏറെ പരിശ്രമിച്ചാണ് നീക്കം ചെയ്തത്. ചെളി നീക്കം ചെയ്യുന്നതിനു മാത്രമായി 19 ലക്ഷം രൂപ ചെലവായി.

## മോട്ടർ പമ്പ് സെറ്റ്

കോൾ നിലങ്ങളിൽ ഏറ്റവും കൂടുതൽ പമ്പ് സെറ്റുകൾക്ക് നാശം സംഭവിച്ചത് പുഴയ്ക്കൽ കോൾപ്പാടങ്ങളിലാണ്. 190 പമ്പ് സെറ്റുകൾ പ്രളയത്തിൽ നശിച്ചു. അന്തിക്കാട് 136 സെറ്റുകളും ചേർപ്പിൽ 130 സെറ്റുകളും തകരാറിലായി. ആകെ 1.27 കോടി രൂപയുടെ നഷ്ടം പമ്പ് സെറ്റുകൾക്കുണ്ടായതാണ് വിലയിരുത്തൽ. 342 പമ്പ് സെറ്റുകളാണ് മൊത്തം തകരാറിലായത്.

## മോട്ടർ ഷെഡുകൾ

56 മോട്ടർ ഷെഡുകളാണ് പുഴയ്ക്കൽ കോൾ ബ്ലോക്കിൽ പ്രളയത്തിൽ തകർന്നത്. ചേർപ്പിൽ 39 ഷെഡുകൾ പ്രളയത്തിൽ മുങ്ങി. ഇരിങ്ങാലക്കുടയിൽ 20 അന്തിക്കാട് 18 മോട്ടർ ഷെഡുകളും തകരാറിലായി. ആകെ 90 മോട്ടർ ഷെഡുകളാണ് ജില്ലയിലെ കോൾപ്പാടങ്ങളിൽ വെള്ളം കയറി നശിച്ചത്.

## ബണ്ടുകൾ

പ്രതീക്ഷിക്കാതെ എത്തിയ വെള്ളപ്പാച്ചിലിൽ കോൾപ്പാടങ്ങളിലെ ബണ്ടിനാണ് കൂടുതൽ നാശം സംഭവിച്ചത്. ഏറ്റവുമധികം നാശം സംഭവിച്ചത് മുല്ലശ്ശേരി ബ്ലോക്കിലാണ്. 10,350 മീറ്റർ ബണ്ട് ഈ മേഖലയിൽ തകർന്നു. പുഴയ്ക്കൽ മേഖലയാണ് രണ്ടാമത്. 9,387 മീറ്റർ ബണ്ട് പുഴയ്ക്കലിൽ തകർന്നുവീണു. വെള്ളാങ്ങല്ലൂരിൽ 2940 മീറ്ററും ഇരിങ്ങാലക്കുടയിൽ 2000 മീറ്റർ ബണ്ടും തകർന്നു.

LEADING NUT EXPORTERS SINCE 1932

INTRODUCING
PUREHEART NUTSPREAD

MalayalaManorama 15-12-18, p-S-01

# കോൾപ്പടവുകളിലെ പ്രളയനാശനഷ്ടം ഒറ്റനോട്ടത്തിൽ

## (ബ്ലോക്ക്, നാശം, ശരാശരി നഷ്ടം എന്ന ക്രമത്തിൽ)



### മോട്ടർ പമ്പ് സെറ്റ് (എണ്ണം)

അന്തിക്കാട്: 136--24,42,000
ചാവക്കാട്: 2--50,000
ചേർപ്പ്: 130--54,70,600
ചൊവ്വന്നൂർ: 5--1,18,260
ഇരിങ്ങാലക്കുട: 30--12,52,500
മുല്ലശ്ശേരി: 115--19,75,000
പുഴയ്ക്കൽ: 190--93,75,000
വെള്ളാങ്ങല്ലൂർ: 2--50,000
ആകെ: 342--1,27,70,760

### പെട്ടി, പറ (എണ്ണം)

അന്തിക്കാട്: 4--11,90,000
ചേർപ്പ്: 31--43,18,000
ചൊവ്വന്നൂർ: 2--82,500
ഇരിങ്ങാലക്കുട: 5--10,49,667
മുല്ലശ്ശേരി: 8--6,05,000
പുഴയ്ക്കൽ: 43--36,00,500
ആകെ: 58--53,37,667

### മോട്ടർ ഷെഡുകൾ (എണ്ണം)

അന്തിക്കാട്: 18--43,07,200
ചാവക്കാട്: 1--37,500
ചേർപ്പ്: 39--38,58,000
ചൊവ്വന്നൂർ: 1--7500
ഇരിങ്ങാലക്കുട: 20--10,65,625
മുല്ലശ്ശേരി: 11--14,45,000
പുഴയ്ക്കൽ: 56--77,15,000
വെള്ളാങ്ങല്ലൂർ: 2--75,000
ആകെ: 90--1,03,08,125

### സ്ലൂയിസ് ഷട്ടറുകൾ

അന്തിക്കാട്: 75--6,17,000
ചാവക്കാട്: 2--17,000
ചേർപ്പ്: 2--ഒരു കോടി

### മറ്റുള്ളവ

ബണ്ട് തകർന്നത്: 25,137 മീറ്റർ
നാശനഷ്ടം: 2,05,22,489
ചെളികയറിയത്: 7258 മീറ്റർ